പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 743 | 03.12.2014- ൽ മറുപടിക്ക് |

## തലശ്ശേരി മണ്ഡലത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ; | എ) | തീരുമാനം എടുത്തിട്ടുണ്ട്. |
| ബി | ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | ബി) | തലശ്ശേരി അഡീഷണൽ തഹസീൽദാരുടെ റിപ്പോർട്ടും സെക്ച്ചും, പ്രസ്തുത ആശുപത്രി നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലത്തിന്റെ രൂപരേഖയും ലഭ്യമായിട്ടുണ്ട്. ഈ ആവശ്യത്തിലേക്ക്, കോടിയേരി അംശം കുറിച്ചി ദേശത്തെ ഏകദേശം 6.5 കോടി മതിപ്പ് വില കണക്കാക്കിയിട്ടുള്ള 3.0538 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് കൂടാതെ, തലശ്ശേരി ജനറൽ ആശുപത്രിയിലെ എച്ച്. എം. സി.-ക്ക്, മേൽ അത്യാവശ്യത്തിലേക്ക് 5 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും, എച്ച്. എം. സി. മെമ്പർമാർ ഉൾപ്പെട്ട ഒരു ജനകീയ കമ്മിറ്റി ഇതിന് വേണ്ടി ധനശേഖരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | ഇതിനായി ബഡ്ജറ്റിൽ എത്ര തുക നീക്കി വെച്ചിട്ടുണ്ടെന്ന വിശദമാക്കാമോ? | സി) | ടി ആശുപത്രി നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ പതിനാലാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ